**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **10-03-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ ഫെൻസിങ്ങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും, കൃഷിയിടങ്ങളിലും ആനകളും മറ്റ് വന്യജീവികളും കാർഷികവിളകൾ നശിപ്പിക്കുന്നത് തടയുന്നതിനായി വനംവകുപ്പ് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഫെൻസിങ്ങ് ചെയ്യുന്ന പ്രവൃത്തി നടത്തി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരിയിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതി പ്രകാരം വിവിധ വനാതിർത്തികളിലായി സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ദർഘാസ് എടുത്തിട്ടുള്ള കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബന്ധപ്പെട്ട കരാറുകാർ ആവശ്യമായ സെക്യൂരിറ്റി തുക അടച്ച് ഡെപോസിറ്റ് രസീത് ഹാജരാക്കിയിട്ടുള്ളതും ഉടമ്പടി വെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രവൃത്തി നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | കരാർ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പ്രവൃത്തി 31/03/2025 നു പൂർത്തീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ചേലക്കര മണ്ഡലത്തിൽ വിവിധ വനാതിർത്തികളിലായി**
**രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതി പ്രകാരം**
**സൗരോർജ്ജ വേലിയുടെ നിർമ്മാണം സംബന്ധിച്ച വിവരം**

| ക്രമ നം. | പ്രവൃത്തി | ദൂരം (കി.മീ.) | എസ്റ്റിമേറ്റ് തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വടക്കാഞ്ചേരി റെയിഞ്ചിൽ ദേശമംഗലം പഞ്ചായത്തിൽ എലിയാട്ടുകുളം മുതൽ അരങ്ങോട്ടുകര വരെ 5 ലൈൻ സൗരോർജ്ജവേലി | 3.00 | 8,30,000 | നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു |
| 2 | വടക്കാഞ്ചേരി റെയിഞ്ചിൽ വരവൂർ പഞ്ചായത്തിൽ പെരിക്കുന്ന് 5 ലൈൻ സൗരോർജ്ജവേലി | 3.00 | 8,30,000 | നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു |
| 3 | മച്ചാട് റെയിഞ്ചിൽ പഴയന്നൂർ-ചേലക്കര പഞ്ചായത്തിൽ തിരുമണി - കാളിയാർ റോഡ് - മങ്ങാട് - മണ്ണത്തിപ്പാറ 5 ലൈൻ സൗരോർജ്ജവേലി | 29.55 | 64,22,000 | നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു |
| 4 | മച്ചാട് റെയിഞ്ചിൽ മുള്ളൂർക്കര പഞ്ചായത്തിൽ എടപ്പാറ മുതൽ തായംകാട് നായാടി വരെ 5 ലൈൻ സൗരോർജ്ജവേലി | 3.09 | 8,52,853 | നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു |